# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം.

### ലാഭപ്രഭ പദ്ധതിയുടെ പ്രയോജനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 1991

18-06-2013-ൽ മറുപടിക്ക്

**ചോദ്യം**

ശ്രീ. റ്റി.എ. അഹമ്മദ് കബീർ

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

(എ) 'ലാഭപ്രഭ പദ്ധതി' നട പ്പാക്കിയതു മൂലം, വൈദ്യുത ഉപഭോഗം, എത്ര ശതമാനം കുറയ്ക്കുവാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ?

(എ) ലാഭപ്രഭയിൽ ചേർന്നവർ എത്ര യൂണിറ്റ് മൊത്തം ലാഭിച്ച എന്നതിന്റെ കണക്ക് ഔദ്യോഗികമായി ബില്ലിംഗിലൂടെ തിട്ടപ്പെടുത്ത വരുന്നതേയുള്ളൂ. മാർച്ചിൽ പ്രതിദിനം ശരാശരി 62 ദശലക്ഷം യൂണിറ്റാണ് ഉപഭോഗം പ്രതീക്ഷിച്ചതെങ്കിലും ശരാശരി 58.85 ദശലക്ഷം യൂണിറ്റിന്റെ ഉപഭോഗമേ ഉണ്ടായിട്ടുള്ളൂ. മെയ് മാസത്തിൽ പ്രതിദിനം 59.9 ദശലക്ഷം യൂണിറ്റ് ഉപഭോഗം പ്രതീക്ഷിച്ചെങ്കിലും ശരാശരി 57.1 ദശലക്ഷം യൂണിറ്റായിരുന്നു യഥാർത്ഥ ഉപഭോഗം. എന്നാൽ ഏപ്രിൽ മാസത്തിലെ കനത്ത വരൾച്ചയും ഉഷ്ണകാലാവസ്ഥയും മൂലം 56 ദശലക്ഷം യൂണിറ്റ് ഉപഭോഗം പ്രതീക്ഷിച്ചിരുന്ന സ്ഥാനത്ത് 59.5 ദശലക്ഷം യൂണിറ്റായിരുന്നു പ്രതിദിന ഉപഭോഗം.

സെക്ഷൻ ഓഫീസർ